# സൈലന്റ്‌വാലി ഒരു വഴികാട്ടി

എസ്. ഉഷ

എഴുപതുകൾ വരെ ആരുമറിയാതെ കിടന്നിരുന്ന ഒരു ഇരുണ്ട നിശ്ശബ്ദ താഴ്‌വാരം. കാലങ്ങളുടെ ദുരൂഹത നിറഞ്ഞു നിന്ന ഈ താഴ്‌വാരത്തെ ആരോ ഒരിക്കൽ ഒരു ഓമനപ്പേരിട്ടു വിളിച്ചു. സൈലന്റ്‌വാലി കഴിഞ്ഞ നൂറ്റാണ്ടിനൊടുവിൽ ഈ താഴ്‌വാരത്തിന്റെ നിശ്ശബ്ദത ഭഞ്ജിക്കപ്പെട്ടു. അതുവരെ മനുഷ്യരാരും പാത തീർത്തിട്ടില്ലാത്ത ഈ താഴ്‌വരയിലേക്ക് വാഹനങ്ങളും മനുഷ്യരും കണക്കുകളും തീയും കടന്നെത്തി. ഏറ്റവും സൗമ്യരായി ഈ കാട്ടിൽ ജീവിച്ചിരുന്ന സിംഹവാലൻ കുരങ്ങിന്റെ പേരു പറഞ്ഞ് ആളുകൾ ചേരി തിരിഞ്ഞു. കുന്തിപ്പുഴ കുറേ പേർക്ക് തങ്ങളുടെ ജീവിതത്തിന് വലിയ പ്രതീക്ഷയും പുതിയ അർത്ഥവും നൽകി. മറ്റു ചിലർക്ക് തങ്ങളെ കുന്തിപ്പുഴ അപമാനിച്ചതായി തോന്നി. കഴിഞ്ഞ രണ്ടു ദശകങ്ങളിൽ കുന്നിപ്പുഴ വീണ്ടും ഒഴുകിക്കൊണ്ടേയിരുന്നു. പുഴയെ അന്വേഷിച്ച് അതിന്റെ ജന്മഗൃഹത്തിലേക്ക് ആളുകളെത്തി. അങ്ങിനെ പുഴ ഒരു അറിവായി ലോകമാകെ വളർന്നു. സൈലന്റ്‌വാലി എന്നു കേൾക്കുമ്പോൾ, കുന്തിപ്പുഴ എന്നു കേൾക്കുമ്പോൾ ഇന്ന് കുറേയാളുകളുടെ കണ്ണ് നിറയും.

കണ്ണീര് ഒരു ദൗർബല്യമായി കരുതുന്ന സമൂഹത്തെ കുറിച്ച് ആശങ്കപ്പെടാതെ വയ്യ. ഒരു സമൂഹം ദുർബലമാകാൻ ഈ മനോഭാവം മതി. ശക്തിയും ധൈര്യവുമുള്ള സമൂഹത്തിനേ മാറാൻ കഴിയൂ. പുഴയില്ലാതാകുന്ന സമൂഹത്തിന് വെള്ളമില്ലാതെ വയ്യ. മഴക്കുഴികൾക്ക് വെള്ളം ഉണ്ടാക്കാനറിയില്ല. രോഗഗ്രസ്തമാകുന്ന ശരീരം തേടുന്നത് ജീവന്റെ ചൈതന്യത്തെയാണ്. പൂഞ്ചോലയിൽ വീഴുന്ന തൂടാപ്പു തേടുന്നത് പൊന്നാനി കടപ്പുറത്തെ കടൽക്കാക്കളെയാണ്.

കുട്ടികളുടെ മനസ്സിൽ ഭാവനയുണ്ട്. അവർക്ക് പുഴ കൂട്ടുകാരിയാണ്. ഭാവനയില്ലാതെ ജീവിതമില്ല. ഭാവന നശിക്കുമ്പോൾ കുട്ടികൾ എഞ്ചിനീയർമാരും കോൺട്രാക്ടർമാരുമാകുന്നു. പുഴകളെ കാണാതാകുന്നു. തുടാപ്പുക്കളുടെ വഴിമുടക്കുന്നു. സിംഹവാലൻ കുരങ്ങുകളുടെ കണ്ണുകളിലേക്ക് നോക്കാതാകുന്നു. ഭയവും അത്യാഗ്രഹവും അവരെ കീഴടക്കുന്നു.

ഇന്നലെ സൈലന്റ്‌വാലി. ഇന്ന് പാത്രക്കടവ്. ഓമനപ്പേര് മാത്രം മാറുന്നു. മനോഭാവം മാറുന്നില്ല. മനോഭാവം വരൾച്ചയുടെ പിടിയിൽ. അപ്പോൾ കണക്കുകൾ തെറ്റുന്നു. സിംഹവാലൻ കുരങ്ങിനെ ആളുകൾ പുച്ഛംകൊണ്ട് നേരിടുന്നു. അവർ മത്സ്യങ്ങൾക്ക് പുതിയ പ്രജനതന രീതികൾ പറഞ്ഞുകൊടുക്കുന്നു. വൈദ്യുതി, റോഡ്, തൊഴിൽമന്ത്രം ഉരുക്കഴിക്കുന്നു. വീണ്ടും വരൾച്ച, മഴക്കുഴി, കടം.......... ആത്മഹത്യ.

മനുഷ്യചരിത്രം ഇങ്ങനെ തെറ്റുകളുടെ ഒരു തുടർച്ചയായി മാറുന്നു.

എങ്കിലും ജീവനിരിയ്ക്കാൻ അഭയകേന്ദ്രങ്ങൾ വേണം. മനുഷ്യഹൃദയത്തിനലിയാൻ പുഴകളും പറക്കാൻ തുമ്പികളും വേണം.

അതുകൊണ്ട് ഇന്ന് പാത്രക്കടവ് പദ്ധതി വേണ്ട. ഇന്നലെ

ജീവനിരിയ്ക്കാൻ അഭയകേന്ദ്രങ്ങൾ വേണം. മനുഷ്യഹൃദയത്തിനലിയാൻ പുഴകളും പറക്കാൻ തുമ്പികളും വേണം. ജീവനെ ബഹുമാനിക്കുന്നവർക്ക് കുന്തിപ്പുഴ വേണം. നഗരത്തിലും ആകാശമുണ്ട്. കുറച്ചു സമയം നമുക്ക് ഇരുട്ടത്തിരിയ്ക്കാം. അപ്പോൾ നമുക്ക് നക്ഷത്രങ്ങളെ കാണാറാകും. നമ്മുടെ വഴികാട്ടികളായ നക്ഷത്രങ്ങൾ.




ഫോട്ടോ : കടപ്പാട് - കേരള വനംവകുപ്പ്

സൈലന്റ്‌വാലിയും. ജീവനെ ബഹുമാനിക്കുന്നവർക്ക് കുന്തിപ്പുഴ വേണം. നഗരത്തിലും ആകാശമുണ്ട്. കുറച്ചു സമയം നമുക്ക് ഇരുട്ടത്തിരിയ്ക്കാം. അപ്പോൾ നമുക്ക് നക്ഷത്രങ്ങളെ കാണാറാകും. നമ്മുടെ വഴികാട്ടികളായ നക്ഷത്രങ്ങൾ.

*'തണൽ', കവടിയാർ, തിരുവനന്തപുരം*